(ബി) എത്ര ആദിവാസി കുടുംബങ്ങൾക്ക് വീടുകളുടെ പുനർനിർമ്മാണത്തിനായി ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6341 (ആറായിരത്തി മുന്നൂറ്റി നാൽപ്പത്തിയൊന്ന്)

(ബി) 1438 (ആയിരത്തി നാനൂറ്റി മുപ്പത്തിയെട്ട്)

ഭവന നിർമ്മാണത്തിന് ധനസഹായം

81 [6051] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം എത്ര പട്ടിക ജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്;

(ബി) എത്ര പട്ടിക ജാതി കുടുംബങ്ങൾക്ക് വീടുകളുടെ പുനർനിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 29-1-2003ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 86/03/പജപവവിവ. പ്രകാരം 500 പട്ടികജാതി കുടുംബങ്ങൾക്ക് വീട് റിപ്പയറിംഗിന് 50,00,000 രൂപ അനുവദിച്ചിരുന്നു.

ഭവന രഹിതർക്ക് നൽകിയ ധനസഹായം

82 [6052] ശ്രീ. തോമസ് ഉണ്ണിയാടൻ:
„ സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഭവനരഹിതരായ എത്ര പേർക്ക് എസ്. സി. എസ്. ടി. കോർപ്പറേഷൻവഴി ധനസഹായം നൽകിയിട്ടുണ്ടെന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി എന്തുതുക ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന് എന്തു തുക വേണ്ടിവരുമെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1994-95-ൽ ആരംഭിച്ച പുതിയ അംബേദ്കർ ഭവന നിർമ്മാണ പദ്ധതിയിൽ പൂർത്തിയാകാത്ത വീടുകൾക്കും 1997-98-ൽ ആരംഭിച്ച ഇൻകം ജനറേഷൻ ലിങ്ക്ഡ് ഭവന നിർമ്മാണ പദ്ധതിയിൽ പൂർത്തിയാകാത്ത വീടുകൾക്കും പണി പൂർത്തിയാക്കുന്നതിനു വേണ്ടി താഴെ പറയുംപ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

	ജില്ലയുടെ പേര്		പൂർത്തിയായ വീടുകളുടെ എണ്ണം	അനുവദിച്ച തുക (ലക്ഷത്തിൽ)
	(1)		(2)	(3)
1	തിരുവനന്തപുരം	..	8	0.55
2	കൊല്ലം	..	5	0.63
3	പത്തനംതിട്ട	..	4	0.43
4	ആലപ്പുഴ	..	11	0.45
5	കോട്ടയം	..	17	0.50
6	ഇടുക്കി	..	49	1.64
7	എറണാകുളം	..	7	0.33
8	തൃശ്ശൂർ	..	12	1.23
9	പാലക്കാട്	..	18	1.50
10	മലപ്പുറം	..	9	0.38
11	കോഴിക്കോട്	..	13	1.22
12	കണ്ണൂർ	..	..	0.17
13	കാസർഗോഡ്	..	5	0.47
14	വയനാട്	..	1	0.02
	ആകെ	..	159	9.52

(ബി) 9.52 ലക്ഷം

(സി) കോർപ്പറേഷൻ ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നില്ല.

ചേർപ്പ് നിയോജകമണ്ഡലത്തിൽ നിന്നുള്ള ചികിൽസാ ധനസഹായ അപേക്ഷകൾ

83 [6054] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന പാവപ്പെട്ട രോഗികൾക്കുള്ള ചികിൽസാ സഹായ പദ്ധതിയിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര രൂപയുടെ സഹായം എത്രപേർക്കായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly